# കുറിഞ്ഞിലോകത്തെ സുന്ദരിമാർ

എസ്.വി. രാജേഷ്
rajeshsv@mm.co.in

മഹാപ്രളയത്തിനുശേഷം അതിജീവനത്തിന്റെ പൂക്കൾ വിരിയുന്നപോലെ മൂന്നാറിൽ നീലക്കുറിഞ്ഞികൾ പൂവിടുകയാണ്. മഴ മാറി മാനം തെളിഞ്ഞതോടെ, രാജമലയിലും കൊളുക്കുമലയിലും കുറിഞ്ഞികളുടെ പൂക്കാലമാണിപ്പോൾ. രാജമലയിലെ മഞ്ഞുതുള്ളികളിൽ നീലക്കുറിഞ്ഞികളുടെ മഷിക്കൂട്ട്... കൊളുക്കുമലയിൽ നീലക്കടലിന്റെ രാഗമാല...

2006 ഓഗസ്റ്റിലായിരുന്നു മൂന്നാർ മലനിരകളിൽ ഏറ്റവും ഒടുവിലായി നീലക്കുറിഞ്ഞികൾ പൂത്തത്. നീലവിസ്മയം കാണാൻ അന്നു മൂന്നാറിലേക്കൊഴുകിയത് അഞ്ചു ലക്ഷത്തോളം പേർ. 2006 ഓഗസ്റ്റ് മുതൽ മൂതൽ മൂന്നു മാസംവരെ കുറിഞ്ഞികൾ പൂത്തു നിന്നു.

ഇത്തവണ ഇരവികുളം ദേശീയോദ്യാനത്തിന്റെ ഭാഗമായ രാജമലയിലാവും ഏറ്റവും കൂടുതൽ കുറിഞ്ഞികൾ പൂക്കുന്നതെന്നായിരുന്നു വനം വകുപ്പിന്റെ കണക്കുകൂട്ടൽ. വാട്സാപ്പും സെൽഫിയുമെല്ലാം ജനകീയമായതിനുശേഷമുള്ള ആദ്യ കുറിഞ്ഞിക്കാലത്തിനായി കാത്തിരിക്കുകയായിരുന്നു സഞ്ചാരികളും. പക്ഷേ, രാജമലയിൽ മൊട്ടിടുന്നതിന് ഏറെ മുൻപു മറയൂരിൽ നീലക്കുറിഞ്ഞികൾ വിടർന്നു.

ഈ നീലക്കുറിഞ്ഞിക്കാലത്ത് എട്ടു ലക്ഷത്തോളം സന്ദർശകർ മൂന്നാറിലെത്തുമെന്നാണ് കരുതിയിരുന്നത്. എന്നാൽ, പ്രതീക്ഷിക്കാതെ എത്തിയ കൊടുംപ്രളയം സകല കണക്കുകൂട്ടലുകളും തെറ്റിച്ചു. മഴക്കാലം കുറിഞ്ഞിയുടെ ശോഭ തെല്ലൊന്നു കുറച്ചുവെങ്കിലും 12 വർഷത്തിലൊരിക്കൽ പൂവിടുന്ന നീലകുറിഞ്ഞികളെ കാണാൻ ഏറെ സന്ദർശകർ ഇപ്പോൾ എത്തുന്നുണ്ട്.

## കുറിഞ്ഞികളുടെ റാണി

വ്യാഴവട്ടത്തിന്റെ ഇടവേളകളിൽ മാത്രം മിഴി തുറക്കുന്ന, സ്ട്രോബൈലാന്തസ് കുന്തിയാനസ് (Strobilathes Kunthianus) എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്നതാണു നീലക്കുറിഞ്ഞികൾ. കുറിഞ്ഞി വർഗത്തിലെ റാണിയാണു നീലക്കുറിഞ്ഞി. ജൂലൈ മുതൽ നവംബർ വരെയാണു പൂക്കാലം. നീലക്കുറിഞ്ഞിയെന്നു പേരുണ്ടെങ്കിലും പൂക്കൾ ശരിക്കും നീലയല്ല. നീലയ്ക്കും ഊതനിറത്തിനും ഇടയിലാണിതിന്റെ സ്ഥാനം. സമുദ്രനിരപ്പിൽനിന്ന് 1400 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പുൽമേടുകളിലാണ് ഇവ കൂട്ടത്തോടെ പൂക്കുക.

അക്കാന്തേസ്യാ സസ്യകുടുംബത്തിൽപെട്ട കുറിഞ്ഞിക്ക് ഏഷ്യയിൽ മുന്നൂറിൽപരം വകഭേദങ്ങൾ ഉള്ളതായാണ് സസ്യ ശാസ്ത്രജ്ഞരുടെ കണ്ടെത്തൽ. പശ്ചിമഘട്ട മലനിരകളെ ലോക പൈതൃക പദവിയിലേക്ക് ഉയർത്തുന്നതിൽ പ്രധാന പങ്കുവഹിച്ച കുറിഞ്ഞി വർഗത്തിന്റെ 40 ഇനങ്ങൾ മൂന്നാറിലുണ്ട്. വർഷത്തിൽ ഒരിക്കൽ പൂക്കുന്ന സ്ട്രോബിലാന്തസ് സെസിലിസ് മുതൽ 16 വർഷ ഇടവേളകളിൽ മാത്രം പൂവിടുന്ന ചോലക്കുറിഞ്ഞി വരെ ഇതിൽപെടും. എന്നാൽ, ഭൂരിഭാഗം ഇനങ്ങളുടെയും പൂവിടൽ കാലം ഒരു വ്യാഴവട്ടമാണ്. ഋതുഭേദങ്ങളുമായി ഈ സസ്യകുടുംബത്തിനു ബന്ധമില്ലെന്നതിനാൽ കൃത്യമായ ഇടവേളകളായിരിക്കും ഇവയുടെ കാലചക്രത്തിന്.

## ജന്മം നൽകിയ തലമുറയെ കാണാതെ...

ഒരിക്കൽ മാത്രം പുഷ്പിക്കുകയും വിത്തുൽപാദനം പൂർത്തിയാക്കി സ്വയംനാശത്തിലേക്കു വഴുതിവീഴുകയും ചെയ്യുന്നതാണു കുറിഞ്ഞികളുടെ ജീവിതഘട്ടം. വേനൽക്കാലം കഴിഞ്ഞു പുതുമഴ പെയ്യുന്നതിനൊപ്പം കുറിഞ്ഞിവിത്തുകൾ മുളച്ച്, കുറിഞ്ഞിത്തൈകൾ ഉണ്ടാകും. ഒരു ചതുരശ്ര മീറ്ററിൽ ഏകദേശം 700 തൈകളാണുണ്ടാകുക. ഒന്നര മുതൽ 10 അടി വരെ ഉയരത്തിൽ കുറ്റിയായി വളരുന്നവയാണു കുറിഞ്ഞി ഇനങ്ങളിൽ പലതും. ഇരവികുളം ദേശീയോദ്യാനത്തിന്റെ ഭാഗമായ രാജമലയിൽ മാത്രം 20 ഇനം കുറിഞ്ഞികളുണ്ടെന്ന് ഇരവികുളം ദേശീയോദ്യാനം അസി. വൈൽഡ് ലൈഫ് വാർഡൻ എസ്.സന്ദീപ് പറഞ്ഞു. ഓരോ ചെടിയിലും ആയിരക്കണക്കിനു പൂക്കളാണു വിരിയുക.

മഴയില്ലാത്ത കാലാവസ്ഥയാണെങ്കിൽ, പൂവിട്ട് മൂന്നു മാസംവരെ കുറിഞ്ഞിപ്പൂക്കൾ നിൽക്കും. തുടർന്ന് ഇവ കരിഞ്ഞ് വിത്തുകൾ മണ്ണിൽ വീഴുന്നതോടെ ചെടികൾ നശിക്കും. മണ്ണിൽ 12 വർഷം നീളുന്ന നിദ്രയ്ക്കൊടുവിൽ വീണ്ടും ഈ വിത്തുകൾ മുളപൊട്ടിയാണു കുറിഞ്ഞിച്ചെടികൾ വളരുന്നത്. തങ്ങൾക്കു ജന്മം നൽകിയ തലമുറയെ കാണാൻ കഴിയില്ലെന്നതാണു കുറിഞ്ഞിയുടെ പ്രത്യേകതകളിലൊന്ന്. പുൽമേടുകളിൽ വേനൽക്കാലത്തു കാട്ടുതീ പടരാറുണ്ടെങ്കിലും അവിടെയുള്ള കുറിഞ്ഞികൾ തീയിൽനിന്നു രക്ഷപ്പെടും. കുറിഞ്ഞിയുടെ ചുവടു ഭാഗം അഗ്നിക്കിരയാകാത്തതാകണം ഇതിന്റെ കാരണം.

## പശ്ചിമഘട്ടത്തിൽ 64 ഇനം

ലോകത്ത് തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ മാത്രം കാണപ്പെടുന്ന കുറിഞ്ഞികൾ ഏകദേശം 450 ഇനങ്ങളുണ്ട്. ഇവയിൽ 40 ശതമാനവും ഇന്ത്യയിലാണ്. പശ്ചിമഘട്ടത്തിൽ മാത്രം 64 ഇനം കുറിഞ്ഞികൾ ഉണ്ടെന്നാണ് ഈയിടെ നടന്ന പഠനം തെളിയിക്കുന്നതെന്നു കോട്ടയം പാലാ സെന്റ് തോമസ് കോളജ് ബോട്ടണി വിഭാഗം മേധാവി പ്രഫ. ജോമി അഗസ്റ്റിൻ പറയുന്നു.

പശ്ചിമഘട്ട മലനിരകളിൽ മാത്രം കാണപ്പെടുന്ന സ്ഥാനീക ഇനങ്ങളാണിവ. ലോകത്തു മറ്റൊരിടത്തും ഇവയെ കാണാൻ കഴിയില്ല. കേരളത്തിലെ ഹൈറേഞ്ചുകളിലാണു കുറിഞ്ഞികളുടെ കൂടുതൽ ഇനങ്ങൾ. ഹൈറേഞ്ചിലെ മലമുകളിലും പുൽമേട്ടിലും ചോലവനങ്ങളിലുമായി 32 ഇനം കുറിഞ്ഞികളെ കണ്ടെത്തിയിട്ടുണ്ടെന്നും പ്രഫ. ജോമി പറയുന്നു.

പശ്ചിമഘട്ടത്തിലെ കുറിഞ്ഞികളുടെ വൈവിധ്യം ഇതുവരെ പൂർണമായും കണ്ടെത്തിയിട്ടില്ല. അടുത്തകാലത്തു കണ്ടെത്തിയ പുതിയ തരം കുറിഞ്ഞികളായ സ്ട്രോബൈലാന്തസ് സെയിൻതോമിയാനസ്, സ്ട്രോബൈലാന്തസ് ജോമി, സ്ട്രോബൈലാന്തസ് കണ്ണനി, സ്ട്രോബൈലാന്തസ് അഗസ്ത്യമലയാന എന്നിവ ഇനിയും ഇവിടെ പുതിയ ഇനങ്ങൾ കണ്ടുപിടിക്കാനുണ്ടെന്നുള്ളതിനു തെളിവാണ്.

## മൂന്നാറിലെ കുറിഞ്ഞികളിലും 'ഗ്രൂപ്പ്'

നീലക്കുറിഞ്ഞിക്കു പേരുകേട്ട മൂന്നാറിലും പരിസരങ്ങളിലും രണ്ടു ഗ്രൂപ്പുകളിലായിട്ടാണ് ഇവ വളരുന്നത്. ചൊക്രമുടിയിലും മാട്ടുപ്പെട്ടി കന്നിമലഭാഗത്തും ലോക്ക് ഹാർട്ട് ഗ്യാപ്പിലും കാണപ്പെടുന്നവയാണ് ഒരു ഗ്രൂപ്പ്. ഈ ഭാഗത്തെ നീലക്കുറിഞ്ഞികൾ മറ്റൊരു വ്യാഴവട്ടചക്രം തീർക്കുന്നു. 1990, 2002, 2014 വർഷങ്ങളിലായിരുന്നു ആദ്യ ഗ്രൂപ്പിൽപ്പെട്ടവർ ഈ മേഖലകളിൽ പൂത്തത്. രണ്ടാമത്തെ ഗ്രൂപ്പിൽപ്പെട്ടവർ ഇരവികുളത്തും രാജമലയിലുമാണു പൂവിട്ടിരിക്കുന്നത്.

നീലഗിരിയിലെയും കൊടൈക്കനാലിലെയും മൂന്നാറിലെയും പൂക്കാലം ഒന്നാണ്. നീലഗിരിക്ക് (ബ്ലൂ മൗണ്ടൻസ്) എന്ന പേരു വീണതിനു പിന്നിൽ നീലക്കുറിഞ്ഞി പൂക്കുന്ന കാലത്തു മലകൾ മരതകപ്പട്ടുടുക്കുന്നതിനാലാണ്. 1970, 1982, 1994, 2006 എന്നീ വർഷങ്ങളിൽ ഈ ഭാഗങ്ങളിൽ രണ്ടാമത്തെ ഗ്രൂപ്പിൽ ഉൾപ്പെടുന്ന നീലക്കുറിഞ്ഞി പൂത്തതായി രേഖകളുണ്ട്.

### പൂവിടാൻ എന്തിന് 12 വർഷം?

സസ്യങ്ങളിലെ പൂവിടൽ രണ്ടു തരത്തിൽ ഒന്ന് വർഷം തോറും പൂവിടുന്നവ രണ്ടാമത്തെ ഗണം വർഷങ്ങളുടെ വളർച്ച നേടി ഒരിക്കൽ പൂവണിഞ്ഞ് ഉണങ്ങുന്നവയാണ്. നീലക്കുറിഞ്ഞി ഈ ഗണത്തിൽ!

**കുറിഞ്ഞികളിലെ 'ബിഗ് ബാങ്'**



കുറിഞ്ഞികൾ പൂക്കാലമാകുമ്പോൾ പരമാവധി പുനരുൽപാദനത്തിനു ശ്രമിക്കും.ഇതു പ്രത്യുൽപാദന മഹാ വിസ്ഫോടനം (Reproductive mega big bang) എന്നറിയപ്പെടുന്നു.കൂടുതൽ പൂക്കളെ ഉൽപാദിപ്പിക്കാനും ഉണ്ടാകുന്ന പൂക്കളെയെല്ലാം പരാഗണവിധേയമാക്കി വിത്തുൽപാദനം നടത്താനും സസ്യം ശ്രമിക്കും.

**പൂവിടൽ ഇങ്ങനെ**

1.സസ്യത്തിലെ മൊത്തം പോഷക ഗുണങ്ങളും പൂവിടലിന് ഉപയോഗിക്കം.
2.ഇതു തണ്ടിലും ഇലകളിലും പോഷണ-ലവണ നഷ്ടം ഉണ്ടാക്കും, ചെടി ഉണങ്ങും

**പൂക്കാലം എങ്ങനെയറിയാം?**

കുറിഞ്ഞിച്ചെടികളുടെ കാണ്ഡാഗ്രഭാഗം വശത്തേക്ക് ചെരിഞ്ഞ് വളർച്ച മുരടിച്ചാൽ ഉറപ്പിക്കാം...അടുത്തവർഷം പൂക്കാലം.

പേജ് III കാണുക

## ചില പ്രധാന ഇനം കുറിഞ്ഞികളും അവയുടെ പ്രത്യേകതകളും



**സ്ട്രോബൈലാന്തസ് ആന്റേഴ്സണി**
Strobilanthes andersonii
ഇരവികുളത്ത് മാത്രം. 10 വർഷം.
20 അടിയോളം പൊക്കം വയ്ക്കും.
ഇളം നീല നിറത്തിൽ പൂക്കൾ.



**സ്ട്രോബൈലാന്തസ് ഗ്രാസിലിസ്**
**മരക്കുറിഞ്ഞി** (Strobilanthes gracilis)
5-8 മീറ്റർ വരെ ഉയരത്തിൽ വളരും. ആവാസ കേന്ദ്രം ചോലവനങ്ങളാണ്. 10 വർഷത്തെ വളർച്ചയ്ക്കുശേഷം പൂവിടുന്നു.



**സ്ട്രോബൈലാന്തസ് പളനിയൻസിസ്**
(Strobilanthes pulneyensis)
പൂക്കാല സ്പോട്ടുകളിൽ മിക്കയിടത്തും കാണാറുണ്ട്. പൂവിടൽ വർഷംതോറും.



**സ്ട്രോബൈലാന്തസ് വൈറ്റിയാനസ്**
(Strobilanthes wightianus)
തിങ്ങിക്കൂടിയ ഇലകളോടുള്ളത്.പശ്ചിമഘട്ടത്തിന്റെ തെക്കൻ ഭാഗങ്ങളിൽ സാധാരണം.ഇളം വയലറ്റ്, നീല പൂക്കൾ



**സ്ട്രോബൈലാന്തസ് സെങ്കേറിയാനസ്**
(Strobilanthes zenkerianus)
ചോലവനത്തിൽ പൂവിടുന്ന ഇനം
പൂവിടുന്നത് 16 വർഷത്തെ
വളർച്ചയ്ക്കുശേഷം



**സ്ട്രോബൈലാന്തസ് സീലിയേറ്റ്സ്**
Strobilanthes ciliatus
എല്ലായിടത്തും (500 മീറ്ററിനു താഴെ).ഒരു വർഷം കൊണ്ട് പൂവിടും



നീലക്കുറിഞ്ഞി
കുറിഞ്ഞി വർഗത്തിലെ റാണി

**സ്ട്രോബൈലാന്തസ് കുന്തിയാനസ്**
(Strobilathes Kunthianus)

പൂക്കാലം: 2018 ജൂലൈ - നവംബർ.
അടുത്തത് 2030ൽ
നിറം: നീലയ്ക്കും ഊതനിറത്തിനും ഇടയിൽ
പൂവിടൽ കാലം: 12 വർഷം
സസ്യകുടുംബം: അക്കാന്തേസ്യാ

### കുറിഞ്ഞികൾ എവിടെയൊക്കെ കാണപ്പെടുന്നു?

സമുദ്രനിരപ്പിൽനിന്ന് 1400 മീറ്റർ ഉയരത്തിലുള്ള പുൽമേടുകളിൽ.
ലോകത്താകെ 450ൽ പരം കുറിഞ്ഞികൾ.
ഈ ചെടികളിൽ 40 ശതമാനവും ഇന്ത്യയിൽ.
മൂന്നാറിൽ 40 ഇനങ്ങൾ.പശ്ചിമഘട്ടത്തിൽ മാത്രം 64 ഇനം.



**സ്ട്രോബൈലാന്തസ് ലൂറിഡസ്**
(Strobilanthes luridus)
ഇരുണ്ട് തവിട്ടുനിറം. തിരിപോലെ പൂക്കുലയുള്ളവ. എട്ടു മീറ്ററോളം ഉയരത്തിലെത്തും



**സ്ട്രോബൈലാന്തസ് സെസിലിസ്**
(Strobilanthes sessilis.)
എല്ലാവർഷവും പൂക്കുന്ന ഇനം



**സ്ട്രോബൈലാന്തസ് പെറോട്ടീട്ടിയാന**
(Strobilanthes perrottetianus)
സൈലന്റ് വാലിയിൽ കൂടുതലായി കാണപ്പെടുന്നു. 10 വർഷത്തെ ഇടവേളയിൽ പൂക്കാലം



**സ്ട്രോബൈലാന്തസ് ഉർസീയോലാരിസ്**
(Strobilanthes urceolaris)
ചോലവനങ്ങളിൽ സാധാരണ കാണപ്പെടുന്നു. പഞ്ഞിക്കുറിഞ്ഞി എന്നും വിളിക്കപ്പെടുന്ന ഇവയുടെ പൂക്കൾ ചെറുതും വെളുത്തതുമാണ്.



**സ്ട്രോബൈലാന്തസ് ഹാമിൽട്ടോണിയാന**
(Strobilanthes hamiltoniana)
ചൈനീസ് റെയിൻബെൽ എന്നും അറിയപ്പെടുന്നു. 400-1500 മീറ്റർ പൊക്കത്തിൽ പൂക്കും



**സ്ട്രോബൈലാന്തസ് അമാബിലിസ്**
(Strobilanthes amabilis).
സൈലന്റ് വാലിയിൽ മാത്രം.
പത്ത് വർഷം.



**സ്ട്രോബൈലാന്തസ് ഫോളിയോസസ്**
(Strobilanthes foliosus)
മൂന്നാറിൽ കാണപ്പെടുന്നു, 2 വർഷം കൊണ്ടുപൂവിടും.



**സ്ട്രോബൈലാന്തസ് ഹോമോട്രോപസ്**
(Strobilanthes homotropus)
**ചോലക്കുറിഞ്ഞി**
ഹൈറേഞ്ചിലെ ചോലവനങ്ങളിൽ മാത്രം വളരുന്നു.പൂവിടുന്നത് 10 വർഷത്തെ വളർച്ചയ്ക്കുശേഷം



**സ്ട്രോബൈലാന്തസ് ഹെയ്നിയാനസ്**
(Strobilanthes heyneanus)
കാസർകോട്ടെ വനത്തിൽ 2015ലാണ് ആദ്യം കണ്ടെത്തിയത്.പൂവിടുന്നതിനു 4 വർഷം

ചിത്രങ്ങൾക്കു കടപ്പാട്: ഇ. കുഞ്ഞികൃഷ്ണൻ, റിട്ട. പ്രഫ. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ്, സുവോളജി വിഭാഗം